DESPATCHED On..15.5.2020

07/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ CP No.887(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.11305/എസ്.ഐ.സി–ജി 5/2015)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ഡോ. ബിജു പി.,
ബിനു ഭവൻ, പട സൗത്ത്,
കരുനാഗപ്പള്ളി, കൊല്ലം-690518 } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്, അക്കാഡമിക് സെക്ഷൻ,
സർക്കാർ മെഡിക്കൽ കോളേജ്,
തിരുവനന്തപുരം } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 17.04.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.05.2015 |
| പരാതി ഹർജി നൽകിയ തീയതി | 01.07.2015 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 03.07.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16.07.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 06.08.2015 |
| ഹിയറിംഗ് തീയതി & സ്ഥലം | 07.02.2020 & കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>എതിർകക്ഷി<br>പരാതി ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ഡോ. ബിജു പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് പൂർണ്ണമായ ഉത്തരങ്ങൾ നൽകിയിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹരജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. 2006 മുതൽ 2014 വരെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മുഴുവൻ എം.ബി.ബി.എസ്. സീറ്റുകുളുടെയും എണ്ണം നൽകണമെന്നും

ii. ടി കോളേജിലെ മുഴുവൻ ഗവ. ക്വോട്ട എം.ബി.ബി.എസ്. സീറ്റുകുളുടെ എണ്ണം നൽകണമെന്നും

iii. മാനേജ്മെന്റ് ക്വോട്ട എം.ബി.ബി.എസ്. സീറ്റുകുളുടെ എണ്ണം എത്രയെന്നും

iv. എൻ.ആർ.ഐ. എം.ബി.ബി.എസ്. സീറ്റുകുളുടെ എണ്ണം എത്രയെന്നും മറ്റുമായി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്

ടി അപേക്ഷയിന്മേൽ എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിയിൽ എതിർകക്ഷി അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 7,8,9 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയത് ഓഫീസിൽ നേരിട്ട് ഹാജരായി ശേഖരിക്കാവുന്നതാണെന്നാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ നൽകിയ മറുപടി തൃപ്തികരമായിരുന്നില്ല എന്നു പ്രസ്താവിച്ച് ഹർജിക്കാരൻ 29.05.2015 തീയതി അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നവെന്നും ആയതിന്മേൽ ഹർജിക്കാരന് 08.06.2015 തീയതി മറുപടി നൽകിയിരുന്നുവെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എം.ബി.ബി.എസ്. കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ടായിരുന്നവെന്നും 3,4 എന്നീ ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് എം.ബി.ബി.എസ്. കോഴ്സിൽ മാനേജ്മെന്റ് ക്വോട്ട, എൻ.ആർ.ഐ ക്വോട്ട എന്നതു സംബന്ധിച്ചായിരുന്നുവെന്നും തിരുവനന്തപുരം മെഡിക്കൽ കോളേജ് സർക്കാർ മെഡിക്കൽ കോളേജ് ആയതിനാൽ എം.ബി.ബി.എസ് കോഴ്സിന് മാനേജ്മെന്റ് ക്വാട്ടയും എൻ.ആർ.ഐ. ക്വോട്ടയും ഇല്ലാ എന്നും 7,8,9 എന്നീ ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ഓരോ വർഷവും ഗവ. ക്വോട്ടയിലും ജനറൽ മെറിറ്റ് ക്വോട്ടയിലും സംവരണ ക്വോട്ടയിലും പ്രവേശനം ലഭിച്ച ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ കുട്ടികൾ സംബന്ധിച്ച വിവരമായിരുന്നുവെന്നും ക്വോട്ട തിരിച്ചും മതം തിരിച്ചും പ്രവശേനം ലഭിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ ക്രോഡികരിച്ചു സൂക്ഷിച്ചിട്ടില്ലാത്തതിനാലാണ് ബന്ധപ്പെട്ട രേഖകൾ നേരിൽ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാമെന്ന് ഹർജിക്കാരനെ അറിയിച്ചിരുന്നതെന്നും ടി വിവരങ്ങൾ നൽകണമെങ്കിൽ 1800 ഓളം ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കേണ്ടതായി വരുമെന്നും ആയത് ശ്രമകരമാണെന്നും 10,11 എന്നീ ഇനങ്ങളിൽ ഹരജിക്കാരൻ ആവശ്യപ്പെട്ടത്, എൻ.ആർ.ഐ/മാനേജ്മെന്റ് ക്വോട്ടയിൽ പ്രവേശനം നേടിയ ഹിന്ദു/മുസ്ലീം/ക്രിസ്ത്യൻ കുട്ടികളെ സംബന്ധിച്ച വിവരമാണെന്നും ടി സ്ഥാപനം സർക്കാർ മെഡിക്കൽ കോളേജ് ആയതിനാൽ മാനേജ്മെന്റ്/എൻ.ആർ.ഐ

കോട്ടയിൽ സീറ്റുകൾ ഇല്ലെന്നും ആയതിനാലാണ് `ഇല്ല` എന്ന മറുപടി ഹർജിക്കാരന് നൽകിയത് എന്നും മറ്റുമാണ്

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ എതിർകക്ഷി നൽകിയ മറുപടി നിയമാനുസൃതമായിരുന്നു എന്നു കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ 7,8,9 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിച്ചു നൽകണമെങ്കിൽ വളരെയധികം മനുഷ്യപ്രയത്നം ആയതിനു ചെലവഴിക്കേണ്ടി വരുമായിരുന്നുവെന്നും അത്തരത്തിലുള്ള പ്രയത്നം ടി ഓഫീസിന്റെ സാധാരണയായുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമായിരുന്നുവെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ടി ഇനങ്ങൾ സംബന്ധിച്ച് എതിർകക്ഷി നൽകിയിട്ടുള്ള മറുപടിയിൽ കമ്മീഷൻ അപാകതയൊന്നും കാണുന്നില്ല. എതിർകക്ഷി ഓഫീസിൽ ലഭ്യമായ പൂർണ്ണ വിവരങ്ങളാണ് മറ്റിനങ്ങൾ സംബന്ധിച്ച് ഹർജിക്കാരന് നൽകിയിരുന്നത് എന്നും കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ല എന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020, ഫെബ്രുവരി 07-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp

RIGHT TO INFORMATION